"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് -പതിനൊന്നാമത് കാർഷിക സെൻസസ്-രണ്ടും മൂന്നും ഘട്ട വിവരശേഖരണം- സംസ്ഥാന/ജില്ലാതല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.391/2024/P&EA തീയതി,തിരുവനന്തപുരം, 25-10-2024

---

പരാമർശം:- സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 06.06.2024 ലെ ഡിഇഎസ്/2208/2024-എജിസി 1 നമ്പർ കത്ത്

**ഉത്തരവ്**

പതിനൊന്നാമത് കാർഷിക സെൻസസിന്റെ രണ്ടാംഘട്ട സർവേ, ഇൻപുട്ട് സർവേ എന്നിവയുടെ ഫീൽഡുതല ഡാറ്റാ ശേഖരണം ആരംഭിക്കുന്നതിനു മുൻപ് പരിശീലന പരിപാടികൾ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും സംഘടിപ്പിക്കേണ്ടതുണ്ടെന്നും സംസ്ഥാനതല പരിശീലന പരിപാടിയിൽ കേന്ദ്ര സംസ്ഥാന സർക്കാർ പ്രതിനിധികൾ, ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങി 75 ഉദ്യോഗസ്ഥരുടെ പങ്കാളിത്തമുണ്ടാകുമെന്നും ഒരു പരിശീലനാർത്ഥിയ്ക്ക് ട്രെയിനിംഗ് മെറ്റീരിയൽസിന് 500/-രൂപ, ഭക്ഷണത്തിന് 300/-രൂപ, ട്രെയിനിങ് സംബന്ധമായ സജ്ജീകരണങ്ങൾക്ക് 25,000/-രൂപ എന്നീ നിരക്കിൽ സംസ്ഥാനതല പരിശീലന പരിപാടിക്ക് 85,000/- രൂപ (75x(500+300)+25000) ആവശ്യമായി വരുമെന്നും ജില്ലാതല പരിശീലനങ്ങളിൽ ജില്ലാ / താലൂക്കിലെ കാര്യാലയത്തിലെ ഉദ്യോഗസ്ഥർ, ജില്ലാ താലൂക്ക് തലങ്ങളിൽ ഫീൽഡ് ജോലികൾ ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ 14 ജില്ലകളിലുമായി 1500 ഉദ്യോഗസ്ഥരുടെ പങ്കാളിത്തമുണ്ടാകുമെന്നും ഒരു പരിശീലനാർത്ഥിക്ക് ട്രെയിനിംഗ് മെറ്റീരിയൽസിന് 450/-രൂപ, ഭക്ഷണത്തിന് 300/-രൂപ, ട്രെയിനിങ് സംബന്ധമായ സജ്ജീകരണങ്ങൾക്ക് 23,000/-രൂപ എന്നീ നിരക്കിൽ ജില്ലാതല പരിശീലന പരിപാടിക്ക് 14,47,000/-രൂപ (1500x(450+300)+14x23000) ആവശ്യമായി വരുമെന്നും ടി സാഹചര്യത്തിൽ പതിനൊന്നാമത് കാർഷിക സെൻസസിന്റെ രണ്ടും മൂന്നും ഘട്ട വിവരശേഖരണത്തിന് മുൻപായി സംസ്ഥാനതല പരിശീലനത്തിന് 85,000/-രൂപയും ജില്ലാതല പരിശീലനങ്ങൾക്ക് 14,47,000/-രൂപയും ചേർത്ത് പരിശീലനങ്ങൾക്കായി 15,32,000/-രൂപയ്ക്ക് ഭരണാനുമതിയും, പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷം 2401-00-111-99-00-34-00-(P-V 100% CSS) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് സാമ്പത്തിക

സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനൊന്നാമത് കാർഷിക സെൻസസിന്റെ രണ്ടും മൂന്നും ഘട്ട വിവരശേഖരണത്തിന് മുൻപായുള്ള സംസ്ഥാനതല പരിശീലനത്തിന് 85,000/-രൂപയും ജില്ലാതല പരിശീലനങ്ങൾക്ക് 14,47,000/-രൂപയും ചേർത്ത് പരിശീലനങ്ങൾക്കായി **15,32,000/- രൂപയ്ക്ക് (പതിനഞ്ച് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ മാത്രം)** ഭരണാനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷം 2401-00-111-99-00-34-00-P-V (100% CSS) ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (നം.2845026 : EXP-B3/194/2024-FIN Dated 03.10.2024)
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി (PLGEA-B1/106/2024-PLGEA)

ഉത്തരവിൻ പ്രകാരം
Signed by
Anu Surendran
സെക്ഷൻ ഓഫീസർ
Date: 25-10-2024 13:32:56